©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

**PUBLISHED BY AUTHORITY**



| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ജൂലൈ 17<br>17th July 2018<br>1193 കർക്കടകം 1<br>1st Karkadakam 1193<br>1940 ആഷാഢം 26<br>26th Ashadha 1940 | നമ്പർ<br>No. | 29 |



## PART IV

# Private Advertisements and Miscellaneous Notifications

## ചാലക്കുടി നഗരസഭ

വസ്തുനികുതി ഏകീകരിച്ച് പുനർ നിർണ്ണയം സംബന്ധിച്ച കരട് വിജ്ഞാപനം

സൂചന:—(1) നഗരസഭ 13-6-2014-ലെ ആർ1-4375/11 നമ്പർ വിജ്ഞാപനം.

(2) 2018-19-ലെ ബഡ്ജറ്റ് നിർദ്ദേശം.

കേരള മുനിസിപ്പൽ ആക്ട് 233 (4) (2) ഉപവകുപ്പുകൾ പ്രകാരം ഓരോ അഞ്ചുവർഷം പൂർത്തീകരിക്കുന്ന മുറയ്ക്ക് നികുതി പുനർ നിർണ്ണയം ചെയ്യേണ്ടതിനാലും 2018-19 വർഷത്തെ ബഡ്ജറ്റിൽ വാസഗൃഹങ്ങളുടെ നികുതി ഏകീകരിച്ചതിനാലും 1-4-2018 മുതൽ നികുതി നിർണ്ണയിക്കുന്ന വാസഗൃഹങ്ങളുടെ നികുതി നിരക്ക് 1 ച.മീ.-ന് 10 രൂപ നിരക്കിൽ നിശ്ചയിച്ചും മറ്റ് കെട്ടിടങ്ങളുടെ നികുതി 11-10-2013-ലെ ആർ1-4345/11 വിജ്ഞാപനപ്രകാരവും ബഹു. കേരള സർക്കാരിന്റെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച 15-3-2013-ലെ സ.ഉ.നമ്പർ 100/2013 ത.സ്വ.ഭ.വ. ഉത്തരവിന്റേയും തുടർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ വാസഗൃഹങ്ങളുടെ നികുതി നിരക്ക് ച.മീ.-ന് 10 രൂപയായി ഏകീകരിച്ചും ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

മേൽപ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി പുനർ നിർണ്ണയ നിരക്ക് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ ആയത് വിജ്ഞാപന തീയതി മുതൽ 30 ദിവസത്തിനകം മുനിസിപ്പൽ സെക്രട്ടറിക്ക് രേഖാമൂലം പരാതി നൽകേണ്ടതാണ്.

(ഒപ്പ്)
സെക്രട്ടറി.

---

## മുനിസിപ്പൽ കൗൺസിൽ, നിലമ്പൂർ

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9-ാം ആക്ട്)-ലെ സെക്ഷൻ 36(4)-ന് അനുസൃതമായി നിലമ്പൂർ നഗരത്തിന്റെ വികസന രൂപരേഖ (കരട്) പ്രസിദ്ധീകരിക്കുന്ന നോട്ടീസ്

നിലമ്പൂർ മുനിസിപ്പൽ കൗൺസിലിന്റെ അധികാരത്തിൻ കീഴിലുള്ള താഴെ ചേർക്കുന്ന അതിർത്തികളുള്ള തദ്ദേശാസൂത്രണ പ്രദേശത്തിനുവേണ്ടി മുനിസിപ്പൽ കൗൺസിൽ, നിലമ്പൂർ തയ്യാറാക്കിയ വികസന രൂപരേഖയുടെ കരട് തദ്ദേശ സ്വയംഭരണ സ്ഥാപനമായ നിലമ്പൂർ നഗരസഭയുടെ http://www.nilambur.lsgkerala.gov.in എന്ന വെബ്സൈറ്റിൽ 2016 വരെ നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9-ാം ആക്ട്) സെക്ഷൻ 36(4)-ന് അനുസൃതമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| വടക്ക് | : | ചുങ്കത്തറ ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | കരുളായി ഗ്രാമപഞ്ചായത്ത്, അമരമ്പലം ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | വണ്ടൂർ ഗ്രാമപഞ്ചായത്ത്, അമരമ്പലം ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | ചാലിയാർ ഗ്രാമപഞ്ചായത്ത് |

കരട് വികസന രൂപരേഖയുടെ പകർപ്പ് പൊതുജനങ്ങൾക്ക് നിലമ്പൂർ നഗരസഭാ കാര്യാലയത്തിൽവെച്ച് പ്രവൃത്തി സമയങ്ങളിൽ പരിശോധിക്കാവുന്നതാണ്.

ഏതൊരാൾക്കും കരട് മാസ്റ്റർ പ്ലാൻ സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഉള്ളപക്ഷം ആയവ കരട് മാസ്റ്റർപ്ലാൻ പ്രസിദ്ധീകരണ നോട്ടീസ് സർക്കാർ ഗസറ്റിൽ വരുന്ന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ രേഖാമൂലം നിലമ്പൂർ നഗരസഭാ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

| | |
|---|---|
| (ഒപ്പ്) | (ഒപ്പ്) |
| *സെക്രട്ടറി,* | *ചെയർമാൻ,* |
| നിലമ്പൂർ നഗരസഭ. | നിലമ്പൂർ നഗരസഭ. |

**Notice of Publication of Draft Master Plan under Section 36(4) of the Kerala Town and Country Planning Act-2016 (Act No. 9 of 2016)**

It is hereby notified that the Draft Master Plan prepared by the Municipal Council of Nilambur Municipality in respect of the Local Planning Area with boundaries as described hereunder.

Whole are covered under Nilambur Municipality with boundaries as

| | | |
|---|---|---|
| *North* | : | Chungathara Grama Panchayath |
| *East* | : | Karulai Grama Panchayath & Amarambalam Grama Panchayath |
| *South* | : | Wandoor Grama Panchayath & Amarambalam Grama Panchayath |
| *West* | : | Chaliyar Grama Panchayath |

has been published in the official website http://www.nilambur.lsgkerala.gov.in of the Municipal Council of Nilambur Municipality as per Section 36(4) of the Kerala Town and Country Planning Act, 2016 (Act No. 9 of 2016).

A copy of the Draft Master Plan is also kept for inspection by the public during office hours at the office of the Municipal Council of Nilambur Municipality.

Any person interested in the plan may communicate in writing to the Secretary, Municipal Council of Nilambur Municipality, any objection or suggestion relating thereto within 60 days from the date of publication of the Notice in the Official Gazette.

| | |
|---|---|
| (Sd.) | (Sd.) |
| *Secretary,* | *Chairman,* |
| Nilambur Municipality. | Nilambur Municipality. |